**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1389** **07-10-2021 - ൽ മറുപടിയ്ക്ക്**

**നോക്ക് കൂലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എ. പ്രഭാകരൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നോക്കുകൂലി ഉണ്ടാകില്ലെന്ന് 2018-ൽ സംസ്ഥാനത്തെ എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും സഹകരണത്തോടെ പ്രഖ്യാപിച്ചതിനുശേഷം നോക്കുകൂലി കാരണം ഏതെങ്കിലും സ്ഥാപനത്തിന്റെയോ വ്യവസായത്തിന്റെയോ പ്രവർത്തനം പ്രതിസന്ധിയിലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നോക്കുകൂലി കാരണം ഏതെങ്കിലും സ്ഥാപനത്തിന്റെയോ വ്യവസായത്തിന്റെയോ തുടർ പ്രവർത്തനം പ്രതിസന്ധിയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ ചുമട്ടുതൊഴിൽ മേഖലയിലെ തൊഴിലാളി സംഘടനകളുടെ യോഗത്തിൽ നോക്കുകൂലി വിഷയം ചർച്ചചെയ്യുകയും ഇത്തരം പ്രവണതകൾ യാതൊരുവിധത്തിലും അംഗീകരിക്കില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഒറ്റപ്പെട്ട നിയമവിരുദ്ധ പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ചില നിക്ഷിപ്ത താല്പര്യക്കാർ മാധ്യമ സഹായത്തോടെ സംസ്ഥാനത്തെ നിക്ഷേപാനുകൂലാന്തരീക്ഷം മോശമാക്കാൻ പരിശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള പ്രവൃത്തികൾക്കെതിരെ ജാഗ്രത പുലർത്തുന്നതിനുള്ള ഫലപ്രദമായ നടപടി ഉറപ്പുവരുത്തുമോ; | (ബി) | ഇതു സംബന്ധിച്ച് തൊഴിൽ വകുപ്പിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. എങ്കിലും നോക്കുകൂലി ആവശ്യപ്പെട്ടു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടാൽ തൊഴിൽ വകുപ്പ് അടിയന്തിരമായി ടി പ്രശ്നത്തിൽ ഇടപെട്ട് തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) | വി. എസ്. എസ്. സി. യിലേക്ക് കൊണ്ടുവന്ന യന്ത്രോപകരണങ്ങൾ ഇറക്കുന്നതിൽ ഏതെങ്കിലും അംഗീകൃത ട്രേഡ് യൂണിയൻ നോക്കുകൂലി ആവശ്യപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത സംഭവത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ? | (സി) | തുമ്പ ഐ.എസ്.ആർ.ഒ.-വി.എസ്.എസ്.സി. -യിലേയ്ക്ക് മുംബൈയിൽ നിന്നും കടൽ മാർഗ്ഗം കൊല്ലം തുറമുഖത്ത് എത്തിക്കുകയും ശേഷം റോഡ് മാർഗ്ഗം രണ്ട് ലോറികളിലായി കൊണ്ടുവന്ന 124,80 ടൺ ഭാര മുള്ള കാർഗോകൾ (ഹെവിമെഷീനറികൾ) അമിതഭാരമുള്ളതും, മനുഷ്യാധ്വാനം കൊണ്ട് ഇറക്കാൻ കഴിയാത്തതും മെഷീനുകൾ മാത്രം ഉപയോഗിച്ച് ഇറക്കാൻ കഴിയുന്നതുമാണ്. കയറ്റിറക്ക് ജോലി തടസ്സപ്പെടുത്തിയതും, നോക്കുകൂലി ആവശ്യപ്പെട്ടതും ടി പ്രദേശത്തെ ചുമട്ടു തൊഴിലാളികളല്ല. പ്രദേശവാസികളായ ഏകദേശം നൂറോളം വരുന്ന നാട്ടുകാർ സംഘടിച്ച് സാധനം ഇറക്കുന്നതിന് 10 ലക്ഷംരൂപ നോക്കുകൂലി |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടതായാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. മെഷീനുകൾ ഉപയോഗിച്ച് മാത്രം കയറ്റിറക്ക് നടത്തേണ്ട സാധനങ്ങൾ കയറ്റിറക്ക് നടത്തുന്നതിന് തൊഴിലാളികൾക്ക് അവകാശം ഇല്ല എന്ന ജില്ലാ ലേബർ ഓഫീസറുടെയും ഡി.ജി.പി-യുടെയും ഉത്തരവുകൾ കോൺട്രാക്ടർക്ക് നൽകി തർക്കം ഒഴിവാക്കുകയും തുടർന്ന് പോലീസ്, സി.ഐ.എസ്.എഫ്, തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ, വി.എസ്.എസ്.സി അധികൃതർ എന്നിവർ സംയുക്തമായി കാർഗോ വാഹനം ഗേറ്റിനുള്ളിലേയ്ക്ക് കടത്തുകയും ചെയ്തു. തൊഴിൽ വകുപ്പിന്റെ സമയോചിതമായ ഇടപെടൽ മൂലം നോക്കുകൂലി ആവശ്യപ്പെട്ട എന്നുള്ള പരാതി അടിയന്തിരമായി പരിഹരിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ